പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4713

26.10.2016 -ലെ മറുപടിയ്ക്ക്

## ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. പി.എ.ഉബൈദുള്ള<br>ശ്രീ. എൻ. ഷംസുദ്ദീൻ: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ)കേരളത്തിലെ ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിലെ ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് 1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമപദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇവർക്കായുള്ള ക്ഷേമനിധി ബോർഡ് ഈ തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് എന്ന് വിശദമാക്കുമോ; | (ബി) ടി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ പദ്ധതി- ഇതര പെൻഷൻ, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, സാമ്പത്തിക താങ്ങൽ പദ്ധതി, സ്കോളർഷിപ്പ്, അപകടമരണ ധനസഹായം, സ്ഥായിയായ അവശതയ്ക്കുള്ള ചികിത്സാ സഹായം എന്നിവ നൽകി വരുന്നു. |
| സി) ക്ഷേമനിധി ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ? | (സി) ഉണ്ട്. വിവാഹാനുകൂല്യം, പ്രസവാനുകൂല്യം എന്നിവ 2015 മാർച്ച് മാസം വരെ കൊടുത്തിട്ടുണ്ട്. 2015 ഏപ്രിൽ മുതൽ ലഭിച്ച വിവാഹാനുകൂല്യം പ്രസവാനുകൂല്യം എന്നിവയുടെ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. |

Sreelekha

സെക്ഷൻ ഓഫീസർ